പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T. 1836 17.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി. | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്; | (എ) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് 23.08.2012 -ൽ നിലവിൽ വന്നു. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ടിട്ടുള്ള കൂട്ടിച്ചേർക്കൽ വിജ്ഞാപനം കൂടി പ്രസിദ്ധീകരിക്കേണ്ടതുള്ളതിനാൽ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശുപാർശ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷയിൽ റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയതുമൂലം അയോഗ്യരാക്കപ്പെട്ടവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പി.എസ്.സി. നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) | ഒ.എം.ആർ ഉത്തര കടലാസിൽ ശരിയായി രജിസ്റ്റർ നമ്പർ എഴുതുകയും, തെറ്റായി കറുപ്പിക്കുകയും (Bubble) ചെയ്ത ഉദ്യോഗാർത്ഥികളെ കൂടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | അയോഗ്യരാക്കപ്പെട്ടവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട സാഹചര്യം വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നടത്തിയ (H Test, Road Test) എന്നിവയിൽ യോഗ്യരായ എല്ലാ പേരെയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുവാനാണ് കമ്മീഷൻ തീരുമാനിച്ചിരുന്നത്. ഉദ്യോഗാർത്ഥികളുടെ റാങ്ക് നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രമാണ് ഒ.എം.ആർ. പരീക്ഷ നടത്തിയത്. അതിനാലാണ് ടി പരീക്ഷയിൽ ശരിയായി രജിസ്റ്റർ നമ്പർ എഴുതുകയും എന്നാൽ കറുപ്പിക്കുന്നതിൽ തെറ്റ് വരുത്തുകയും ചെയ്ത ഉദ്യോഗാർത്ഥികളെക്കൂടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ